"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എടത്വാ ഗ്രാമപഞ്ചായത്ത് അംഗമായിരുന്ന ശ്രീ. ജോർജ്ജ് ജോസഫിനെ V.C.04/2007/ALP നമ്പർ വിജിലൻസ് കേസിൽ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.എം.)വകുപ്പ്

സ.ഉ.(സാധാ) നം.519/2022/LSGD തീയതി,തിരുവനന്തപുരം, 05-03-2022

---

പരാമർശം:- 1. കോട്ടയം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കിഴക്കൻ മേഖല പോലീസ് സൂപ്രണ്ടിന്റെ 28.01.21 ലെ വി.സി. 04/07/ALP നമ്പർ കേസിന്റെ അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും.

2. പഞ്ചായത്ത് ഡയറക്ടറുടെ 15.07.2021 ലെ PAN/3647/2021-D7(DP) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ലഭിച്ച വി.സി. 4/2007/ALP നമ്പർ കേസിന്റെ അന്വേഷണ റിപ്പോർട്ടും, രേഖകളും, സാക്ഷിമൊഴികളും സൂക്ഷ്മ പരിശോധന നടത്തിയതിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ വെളിവാകുന്നു.

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിൽ പാണ്ടൻകരി പി.ഒ. യിൽ കിഴക്കേകട്ട് ഹൗസിൽ, S.M.S.S. L.P School ന് സമീപം, ശ്രീ.കെ.സി.ജോസഫ് മകൻ, ശ്രീ.ജോർജ് ജോസഫ് @ ജോർജ് കുട്ടി 2000-2005 കാലയളവിൽ എടത്വ ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡ് മെമ്പറായി പൊതു സേവകൻ എന്ന നിലയിൽ തുടരവെ, നവംബർ 2001 മുതൽ ജൂൺ 2003 വരെയുള്ള കാലയളവിൽ എടത്വ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ചെങ്ങന്നൂർ താലൂക്കിൽ പുലിയൂർ വില്ലേജിൽ പുലിയൂർ പഞ്ചായത്ത് 10-ാം വാർഡിൽ പുലിയൂർ ഗവ. ഹൈസ്കൂളിനു സമീപം 'ചാന്ദിനി'യിൽ ശ്രീമതി ശാന്തകുമാരിയമ്മ, 2003 സെപ്റ്റംബർ മുതൽ 2006 നവംബർ വരെയുള്ള കാലയളവിൽ എടത്വ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ആലപ്പുഴ ജില്ലയിൽ ആര്യാട് നോർത്ത് പി.ഒ. യിൽ, പി.എൽ. കോട്ടേജിൽ ശ്രീമതി പ്രസന്നകുമാരി, ആലപ്പുഴ ജില്ലയിൽ സനാതനപുരം പി.ഒ യിൽ പാക്കി ജംഗ്ഷനിൽ വാഴപ്പറമ്പിൽ ഹൗസിൽ ശ്രീ. വി.സി. ജോസഫ്, ആലപ്പുഴ ജില്ലയിൽ എടത്വ പി.ഒ. യിൽ കല്ലുപുരയ്ക്കൽ ഹൗസിൽ ശ്രീ. കെ. പി. മാത്തുക്കുട്ടി, തുടങ്ങിയവരുമായി ചേർന്ന് തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് പ്രത്യേക ഘടക പദ്ധതി SGRY പ്രകാരം അനുവദിച്ച ഭക്ഷ്യ ധാന്യം സ്വകാര്യ നേട്ടത്തിനായി വകമാറ്റുന്നതിന് ഗൂഢാലോചന നടത്തിയതായും ശ്രീ. വി. സി. ജോസഫ്, ശ്രീ. കെ.പി. മാത്തുക്കുട്ടി തുടങ്ങിയവർ വഴി ആലപ്പുഴ എഫ്. സി. ഐ. ഗോഡൗണിൽ നിന്നും യഥാക്രമം 670 ക്വിന്റൽ, 900 ക്വിന്റൽ എന്നീ അളവിൽ 30.06.2003, 30.05.2003 എന്നീ തീയതികളിൽ കൈപ്പറ്റി, ഇതു പ്രകാരം നടപ്പിലാക്കേണ്ട പ്രവർത്തികളായ (1) Removal of weeds and deepening of the Canal from Vettuthodu to Ambrayil Bridge in Ward No.V of Edathua Grama Panchayath (2) Removal of weeds cleaning and deepening of the Canal from Kadamprampady to Venattupady in Ward No. VIII of Edathua panchayath (3) Removal of weeds cleaning and deepening of the Kizhakkepuram Canal in Ward No. VIII of Edathua Panchayath, എന്നിവയ്ക്ക് വേണ്ടി ഭക്ഷ്യധാന്യം ഉപയോഗിക്കാതെയും, പ്രവർത്തി ചെയ്യാതെയും, സ്വകാര്യ സാമ്പത്തിക ലാഭത്തിനായി ഭക്ഷ്യധാന്യം നീക്കം ചെയ്യുകയും ചെയ്തതായും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. മേൽ പ്രവർത്തികളിലെ ആദ്യപ്രവർത്തിയായ 'Removal of weeds and deepening of the Canal from Vettuthodu to ambrayil Bridge in Ward No. V of Edathua Grama Panchayath എന്നതിൽ ഭക്ഷ്യധാന്യത്തിന്റെ വിലയായ 5,04,000/- രൂപയും രണ്ടാം പ്രവർത്തിയായ Removal of weeds cleaning and deepening of the Canal from Kadamprampady to Venattupady in Ward No. VIII of Edathua panchayath എന്നതിൽ ഭക്ഷ്യധാന്യത്തിന്റെ വിലയായ 6,30,000/- രൂപയും മേൽപ്പറഞ്ഞ ശ്രീ. ജോർജ്ജ് ജോസഫ്, ശ്രീമതി ശാന്തകുമാരിയമ്മ, ശ്രീമതി പ്രസന്നകുമാരി, ശ്രീ. വി. സി. ജോസഫ് എന്നിവർ ചേർന്ന് പണാപഹരണം

Scanned with CamScanner

നടത്തിയിട്ടുള്ളതും മേൽ പ്രവർത്തികളിൽ മൂന്നാമതായ Removal of weeds cleaning and deepening of the Kizhakkepuram Canal in Ward No. VIII of Edathua Panchayath എന്നതിൽ ഭക്ഷ്യധാന്യത്തിന്റെ വിലയായ 8,44,200/- രൂപയും മേൽപ്പറഞ്ഞ ശ്രീ. ജോർജ് ജോസഫ്, ശ്രീമതി ശാന്തകുമാരിയമ്മ, ശ്രീമതി പ്രസന്നകുമാരി, ശ്രീ. വി. സി. ജോസഫ് എന്നിവർ ചേർന്ന് പണാപഹരണം നടത്തിയിട്ടുള്ളതും സർക്കാരിന് ആകെ 19,78,200/- രൂപയുടെ തത്തുല്യമായ നഷ്ടം വരുത്തിയിട്ടുള്ളതായുമാണ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. തുടർന്ന് ശ്രീ. ജോർജ് ജോസഫ്, ടി മാത്തുക്കുട്ടിയുടെ പേരിൽ മറ്റൊരാളെ ആൾമാറാട്ടം നടത്തി ഹൈക്കോടതി അഭിഭാഷകനായ തിരുവല്ല, വാർഡ് നമ്പർ VII, പെരിങ്ങല പഞ്ചായത്ത്, ശാന്തിനികേതനത്തിൽ ശ്രീ. ആർ. സന്തോഷ് ബാബുവിനെ ഹാജരാക്കി W.P(C)No.27600/06 ഫയൽ ചെയ്യിട്ടുള്ളതുമാണ്. ഇപ്രകാരം ടിയാളുകൾ അഴിമതി നിരോധന നിയമപ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമപ്രകാരവുമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതാണെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് പോലീസ് സ്റ്റേഷൻ അന്വേഷണം നടത്തിയ VC4/2007/ALP നമ്പർ കേസിന്റെ അന്വേഷണരേഖകളിൽ നിന്നും, സാക്ഷിമൊഴികളിൽ നിന്നും വെളിവായിട്ടുണ്ട്.

എന്നതിനാൽ, ശ്രീ. ജോർജ് ജോസഫിന്റെ മേൽ പ്രവർത്തികൾ 1988 ലെ അഴിമതി നിരോധന നിയമത്തിന്റെ സെക്ഷൻ 13(2) r/w 13(1) (c) (d) പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ (IPC) സെക്ഷൻ 205, 406, 409, 419, 420, 468, 471, 120 (B) പ്രകാരവുമുള്ള കുറ്റകൃത്യങ്ങളിൽപെടുന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാകുന്നു.

സർക്കാരിന് മുമ്പാകെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ചിട്ടുള്ള ഈ കേസിന്റെ ആരോപണങ്ങളും വസ്തുതകളുമടങ്ങിയ രേഖകളും സാക്ഷിമൊഴികളും സൂക്ഷ്മമായി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പരാമർശം (2) പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ. ജോർജ് ജോസഫിനെ മേൽ പ്രവർത്തികൾക്ക് കോടതി മുമ്പാകെ വിചാരണ ചെയ്യണമെന്ന് ഉത്തമബോദ്ധ്യം സർക്കാരിന് വന്നിട്ടുള്ളതാണ്.

ഈ കേസിലെ പ്രതിയായ ശ്രീ. ജോർജ് ജോസഫ് ചെയ്തതായി കാണുന്ന മേൽ പറഞ്ഞ കുറ്റകൃത്യങ്ങൾക്ക് 1988 ലെ അഴിമതി നിരോധന നിയമത്തിലെയും ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരവും ടിയാൻ ചെയ്തതായ മേൽപറഞ്ഞ പ്രവൃത്തികൾ പ്രസ്തുത നിയമങ്ങളുടെ മറ്റേതെങ്കിലും വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ അത്തരം കുറ്റകൃത്യങ്ങൾക്കും ബഹുമാനപ്പെട്ട വിജിലൻസ് കോടതി മുമ്പാകെയും ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് കോടതി മുമ്പാകെയും പ്രോസിക്യൂട്ട് ചെയ്യുന്നതിന് 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ സെക്ഷൻ 19 (1) (b) പ്രകാരവും CrPC വകുപ്പ് 197 പ്രകാരവും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കിഴക്കൻ മേഖ, കോട്ടയം.
പബ്ലിക് പ്രോസിക്യൂട്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോട്ടയം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
വിജിലൻസ് (ഡി) വകുപ്പ്. (ഡി3/55/2021-വിജി തീയതി 25.09.2021)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner